ബി3/23990/ 2017

ട്രഷറി ഡയറക്ടറേറ്റ്
തിരുവനന്തപുരം
തീയതി 08/12/2017

# സർക്കുലർ നം. 70/2017

വിഷയം: ട്രഷറർമാരുടെ നിയമനം – സംബന്ധിച്ച്

സൂചന: 22/01/2010ലെ സർക്കാരിന്റെ GO(Rt)No.558/2010/Fin/ഉത്തരവ്

സൂചനയിലുള്ള സർക്കാർ ഉത്തരവിൽ ട്രഷറികളിൽ ഏറ്റവും ജൂനിയറായ സീനിയർ അക്കൗണ്ടന്റുമാരെ ട്രഷററായി നിയമിക്കണമെന്നും പുതിയ സീനിയർ അക്കൗണ്ടന്റ് തസ്തികയിലേയ്ക്കുള്ള പ്രൊമോഷൻ ലിസ്റ്റ് ഉത്തരവാകുമ്പോൾ നിലവിലെ ട്രഷറർമാർക്ക് സീനിയർ അക്കൗണ്ടന്റായി പരിവർത്തനം നൽകി പുതിയ ഉത്തരവിലുള്ള ജൂനിയറായ സീനിയർ അക്കൗണ്ടന്റുമാർക്ക് അതാത് ട്രഷറികളിൽ ട്രഷറർമാരായി നിയമിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് നിർബന്ധമായും പാലിയ്ക്കുന്നതോടൊപ്പം അടിയന്തര സാഹചര്യങ്ങളിൽ ഭരണസൗകര്യാർത്ഥമോ, പൊതുജന സൗകര്യാർത്ഥമോ നിലവിലെ ട്രഷററുടെ സേവനം ദീർഘിപ്പിക്കേണ്ടി വന്നാൽ ആയത് കർശനമായി വകുപ്പ് മേധാവിയുടെ മുൻകൂർ അനുമതിയോടെ മാത്രമേ പാടുള്ളുവെന്നും, ആയതിന്മേലുള്ള വീഴ്ച ഗൗരവമേറിയതും, കർശനമായ മേൽനടപടികൾ സ്വീകരിക്കുന്നതായിരിക്കും. മേൽ നിർദ്ദേശങ്ങൾക്ക് വിരുദ്ധ മായി ചുമതലപ്പെടുത്തുന്ന ട്രഷറർമാരുടെ വീഴ്ചമൂലമോ ബോധപൂർവ്വമായ പ്രവർത്തനത്താലോ വകുപ്പിനോ ഇടപാടുകാർക്കോ എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ ചട്ടവിരുദ്ധമായി ഇത്തരം ചുമതലാക്രമീകരണം നടത്തുന്ന എല്ലാ ഉദ്യോഗസ്ഥരും തുല്യമായി ഉത്തരവാദികളായിരിക്കുന്നതും അപ്രകാരമുള്ള നഷ്ടം അവരിൽ നിന്ന് ഈടാക്കുന്നതുമായിരിക്കും.

എ.എം.ജാഫർ
ട്രഷറി ഡയറക്ടർ

സ്വീകർത്താവ്
എല്ലാ ട്രഷറി ഓഫീസർമാർക്കും

പകർപ്പ്
ട്രഷറി ഡയറക്ടറുടെ സി.എ/ജോയിന്റ് ഡയറക്ടർമാർ/
എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർ/ അസിസ്റ്റന്റ് ഡയറക്ടർ/ ഡയറക്ടറേറ്റിലെ എല്ലാ
സൂപ്രണ്ടുമാർക്കും / വിജിലൻസ് സെക്ഷൻ / കരുതൽ

H